ഫയൽ നമ്പർ:IV05-61 തീയ്യതി :28/02/2024

പ്രേഷകൻ,

ഇന്റേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയംഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

ബിജു അബ്രഹാം
എളംബശ്ശേരി,കരുവൻചാൽ,
വെള്ളാട് പി ഒ,പിൻ-670571

സർ,

വിഷയം:- പായംപഞ്ചായത്തിൽനിന്ന് ലൈസൻസ് അനുവദിക്കാത്തത്- സംബന്ധിച്ച്.

സൂചന :-താങ്കൾ സ്ഥിരം അദാലത്ത് സമിതിയിൽ സമർപ്പിച്ച പരാതി.

. പായം വില്ലേജിൽ 1/2447 സർവ്വേ നമ്പറിൽപ്പെട്ട 0.4047ഹെക്ടർ സ്ഥലത്ത് പായംപഞ്ചായത്തിൽ PP 15/217B, PP 15/217C എന്നീ കെട്ടിടത്തിൽവെച്ച് 300 എണ്ണം പന്നികളെ വളർത്തുന്നതിന് ഫോറം നമ്പര് 2ൽ 21/2/2023ന് ബിജു എബ്രഹാം എന്നവർ അപേക്ഷ നൽകി. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ 28/02/2023 തീയ്യതിയിലെ KSPCB/KN/ICO/10015733/2023 നമ്പർ കൺസന്റ് ഹാജരാക്കിയിട്ടുണ്ട്.എന്നാൽ ലൈസൻസ് അനുവദിച്ചിട്ടില്ല എന്നതാണ് പരാതി

2012ലെ കേരള പഞ്ചായത്ത് രാജ് ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങള് ചട്ടം 6ൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഫോറം നമ്പർ1ൽ അപേക്ഷ സമർപ്പിക്കുകയോ ആയതിന് പായംപഞ്ചായത്ത് സെക്രട്ടറി അനുമതി നൽകുകയോ ചെയ്തിട്ടില്ലാത്തതിനാൽ ബിജു എബ്രഹാം ഫോറം നമ്പർ 2ൽ ലൈസൻസിന് വേണ്ടി നൽകിയ അപേക്ഷ നിരസിച്ചതായി പായംപഞ്ചായത്ത് സെക്രട്ടറി 18/01/2024ലെ 7824(5) നമ്പര് കത്ത് പ്രകാരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്.

അനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന ഫാമിനെതിരെ പ്രദേശവാസികള് നൽകിയ പരാതിയില് അന്വേഷണം നടത്തിയെന്നും ശരിയായ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താത്തതിനാല് അസഹ്യമായ ദുർഗന്ധം പന്നിഫാമിന്റെ പരിസര പ്രദേശത്ത് ഉയരുന്നതായി ബോധ്യപ്പെട്ടുവെന്നും ആയതിനാൽ പന്നിഫാം 7 ദിവസത്തിനകം നിർത്തിവെക്കുവാനും പായംപഞ്ചായത്ത് സെക്രട്ടറി 02/02/2024 തീയ്യതിയിലെ 449(1) നമ്പർ കത്ത് പ്രകാരം തങ്കളെ അറിയിച്ചിട്ടുണ്ട്.

മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമായി ഏർപ്പെടുത്തുകയും കേരള പഞ്ചായത്ത് രാജ് ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങള് ചട്ടം 6 പ്രകാരം ഫോറം നമ്പർ 1ൽ അപേക്ഷ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

.

നിലവിൽ താങ്കൾ ബഹു.കേരള ഹൈക്കോടതിയിൽ E filing no:EF-HCK 2024-019273 ആയി പായംപഞ്ചായത്തിൽനിന്ന് പന്നിഫാമിന് ലൈസൻസ്

അനുവദിക്കാത്തതിനെതിരെ സ്യൂട്ട് ഫയൽ ചെയ്തിട്ടുള്ളതായി പഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയും താങ്കളെ നേരില് കേട്ടതില് റിട്ട് പെറ്റീഷൻ ഫയല് ചെയ്ത വിവരം താങ്കൾ സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്.

ആയതിനാൽ ബഹു. ഹൈക്കോടതിയിൽ പരിഗണനയില് ഉള്ള വിഷയത്തില് കോടതി വിധിയുടെ അടിസ്ഥാനത്തില് തുടർ നടപടി സ്വീകരിക്കാവുന്നതാണ് എന്ന വിവരം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഇന്റേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയംഭരണ വകുപ്പ്,
കണ്ണൂർ